# കുളിക്കുന്ന ഭ്രാന്താശുപത്രിയും കുളിക്കാത്ത നഗരവും

സുന്ദർ



കുളിക്കുന്ന ഭ്രാന്താശുപത്രിയും കുളിക്കാത്ത നഗരവും

സുന്ദർ

(മലയാളം: ലേഖനം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Boy Blowing an Ember, a painting by El Greco (1541–1614). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കുളിക്കുന്ന ഭ്രാന്താശുപത്രിയും കുളിക്കാത്ത നഗരവും

ഒരു വ്യാഴവട്ടക്കാലശേഷമാണ് തിരുവനന്തപുരം മാനസിക രോഗാശുപത്രി ചുറ്റിനടന്നു കാണുന്നത്. മുമ്പ്, മലമൂത്രവിസർജ്ജനങ്ങൾക്കിടയിൽ ആരോരും കാണാനും കേൾക്കാനുമില്ലാതെ ആയിരത്തോളം മനുഷ്യർ, അവരിൽ മിക്കവരും നഗ്നർ, ആശുപത്രിജീവനക്കാരാൽ ചവിട്ടിമെതിക്കപ്പെട്ട് ജീവച്ഛവം പോലെ ഊളമ്പാറയിലെ ഭ്രാന്താശുപത്രിയിൽ കഴിയുന്നുണ്ടായിരുന്നു.

ഈ ആശുപത്രി വീണ്ടും കാണുംമുമ്പ് ഇവിടത്തെ അവസ്ഥ പരിതാപകരമാണെന്ന് പലരും പറഞ്ഞുകേട്ടു. മനുഷ്യാവകാശ കമ്മീഷന്റെ അതൃപ്തിയും കേട്ടറിഞ്ഞു. മുമ്പത്തെ അവസ്ഥ കണ്ടയാൾ എന്ന നിലയിൽ ഇന്നത്തെ അവസ്ഥയെക്കുറിച്ച് അബ്സൊല്യൂട്ടായി പറയാനെനിക്കു കെല്പുണ്ടോ എന്നറിയില്ല. എങ്കിലും ആപേക്ഷികമായി പറയവേ, ഉവ്വ്. തിരുവനന്തപുരത്തെ മാനസികാരോഗ്യകേന്ദ്രം ഒത്തിരി കാര്യങ്ങളിൽ ഭേദപ്പെട്ടിട്ടുണ്ട്. താരതമ്യേന വൃത്തി, അത്യാവശ്യം ശുദ്ധവായു, ഞങ്ങൾ മറുപടി പറയാൻ ബാദ്ധ്യസ്ഥരാണെന്നു കരുതുന്ന കുറെ ഉദ്യോഗസ്ഥന്മാരും ജീവനക്കാരും. ചോദിക്കാനും പറയാനും മാനസികരോഗികളുടെ അവകാശങ്ങളെക്കുറിച്ചു ബോധമുള്ള പുറംലോകം. രോഗികൾക്ക് വസ്ത്രം എത്തിക്കുന്ന റെസിഡന്റ്സ് അസോസിയേഷനുകൾ, ആശുപത്രിക്ക് കെട്ടിടങ്ങൾ പണിതുകൊടുക്കുന്ന ഗണപതി അമ്പലം—അടച്ചിട്ടിരുന്ന വാതിലുകൾ മെല്ലെ തുറക്കപ്പെടുന്നു.

പോര, ഇനിയും ഒത്തിരിയൊത്തിരി നന്നാവാനുണ്ട് ഈ മാനസികാരോഗ്യകേന്ദ്രം. ഒരുപാടു പ്രാഥമികാവശ്യങ്ങൾ—കട്ടിൽ, കിടക്ക, വേണ്ടത്ര ഡോക്ടർമാർ, ഇനിയും എത്രയോ നഴ്സുമാർ, അറ്റൻഡർമാർ—എന്നിവ ഉണ്ടാകേണ്ടിയിരിക്കുന്നു. സ്റ്റാഫിന്റെയും അവസ്ഥ മെച്ചപ്പെടേണ്ടിയിരിക്കുന്നു. ഡീമോറലൈസ്ഡ് ആയ ജീവനക്കാരിൽനിന്നു നന്മയും അനുതാപവും പ്രതീക്ഷിക്കാൻ ബുദ്ധിമുട്ടുണ്ട്. ഒത്തിരി കമ്മീഷനുകൾ കേരളത്തിലെ മാനസിക രോഗാശുപത്രികളെക്കുറിച്ചു നല്കിയ റിപ്പോർട്ടുകൾ ഏതോ സർക്കാർ ഓഫീസുകളിൽ പൊടിപിടിച്ചു കിടപ്പുണ്ടാവും. അവ പൊടിതട്ടിയെടുത്ത് ഒരാത്മപരിശോധനയ്ക്കു ആരോഗ്യവകുപ്പും സർക്കാരും തയ്യാറാവുക. ചെയ്യേണ്ട കാര്യങ്ങൾ ചെയ്തോ എന്നും ചെയ്യാവുന്ന കാര്യങ്ങൾ പലതും ചെയ്യാതിരുന്നിട്ടില്ലേ എന്നും സർക്കാർ പരിശോധിക്കട്ടെ. എന്നിട്ട് നിറഞ്ഞ മനസ്സോടെ, എത്ര സാമ്പത്തിക ഞെരുക്കത്തിലാണെങ്കിലും മനസ്സിന്റെ താളംതെറ്റിയവർക്ക് തിരുവനന്തപുരത്തെയും തൃശ്ശൂരെയും കോഴിക്കോട്ടെയും ആശുപത്രികളിലെ അസ്വസ്ഥരായ മനസ്സുകൾക്കും നിരത്തിൽ അലയുന്ന സ്വാസ്ഥ്യം നഷ്ടപ്പെട്ട ജീവിതങ്ങൾക്കും ശാന്തി നല്കാൻ എന്തൊക്കെ ചെയ്യണോ അതൊക്കെ ചെയ്യുക. ഒപ്പം ജീവനക്കാരുടെ ഉണങ്ങിയ റിസ്ക് അലവൻസ് ശരിക്കും വർദ്ധിപ്പിക്കുക. അവർക്ക് ഐ. എം. ജി. പോലുള്ള സ്ഥാപനങ്ങൾ നിംഹാൻസ്പോലുള്ള ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് ട്രെയിനിങ്ങും റിഫ്രഷർ കോഴ്സുകളും നല്കുക.

ഇനിയൊരിക്കലും ആശുപത്രിക്ക് ഭ്രാന്തുപിടിക്കില്ല എന്ന് ഉറപ്പുവരുത്തേണ്ടത് ഈ നാട്ടിലെ സാധാരണക്കാരാണ്, മാദ്ധ്യമങ്ങളാണ്, രോഗികളുടെ ബന്ധുക്കളും സ്നേഹിതരുമാണ്. ഇനിയും നന്നാവുന്നതിനുപകരം വഷളാവാൻ അധികനേരമൊന്നും വേണ്ട.

ഈ ആശുപത്രി അല്പമെങ്കിലും ഭേദപ്പെട്ടിട്ടുണ്ടെങ്കിൽ അതിന് ഡോ. പി. എൻ. ഗോപാലകൃഷ്ണൻ എന്ന എൺപതുകളിലെ സൂപ്രണ്ടിനോട് കേരളം കടപ്പെട്ടിരിക്കുന്നു. ഈ ആശുപത്രി വൃത്തിയാക്കാൻ ആരോരും തയ്യാറല്ലാതിരുന്ന കാലത്ത്, വല്ലാത്തൊരു കരുത്തോടെ ഈ മനുഷ്യൻ ആശുപത്രി നടപ്പുകൾ മുഴുവൻ പൊളിച്ചെഴുതി. വെറുതെ പറയുന്നതല്ല. ഡോ. ഗോപാലകൃഷ്ണനൊരാളാണ് കേരളത്തിന്റെ മെന്റൽ ഹെൽത്ത് കേന്ദ്രങ്ങളിൽ മാറ്റത്തിന്റെ ക്യാറ്റലിസ്റ്റായത്. കൂടെ ഒത്തിരി മനുഷ്യർ അവരാലാവുന്നവിധത്തിലെല്ലാം കനിവിന്റെയും സാന്ത്വനത്തിന്റെയും കർമ്മങ്ങളുമായി ആശുപത്രിയിലെത്തി. നന്ദിപറയാൻ നമ്മളാരാ? അല്ലെങ്കിൽ നന്ദിയും പുരസ്കാരങ്ങളും പ്രതീക്ഷിച്ചല്ലല്ലോ അവരൊക്കെ എന്തൊക്കെയോ ചെയ്തത്.

മറക്കുംമുമ്പേ കുറിയ്ക്കട്ടെ. കേരളത്തിലെ ദൃശ്യ/പത്രമാദ്ധ്യമ സുഹൃത്തുക്കളോട് ഒരപേക്ഷയുണ്ട്. ദയവായി മാനസികരോഗാശുപത്രിയിലെ അന്തേവാസികളുടെ ചിത്രങ്ങൾ ആളെ തിരിച്ചറിയാത്ത രീതിയിലാക്കുക. അസുഖം ഭേദമായി വരുന്നവർക്കും രോഗികളുടെ ബന്ധുക്കൾക്കും അത് വലിയ ഉപകാരമാവും. മാനസിക രോഗികളോട് അയിത്തം നിലനിൽക്കും കാലത്തോളം അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്താൻ നമുക്കവകാശമുണ്ടോ എന്ന എത്തിക്കൽ പ്രശ്നത്തിൽനിന്നാണ് ഈ അപേക്ഷ.

ഈ പതിനഞ്ചു വർഷത്തിനിടയിൽ കേരളത്തിന്റെ ഭ്രാന്ത്—ക്ഷമിക്കുക—വല്ലാണ്ട് മൂത്തു. ജാതിഭേദം, മതംമാറൽ, രാഷ്ട്രീയ, വർഗ്ഗീയ കൊലപാതകങ്ങൾ, തകരുന്ന കുടുംബങ്ങൾ, ശരണാലയങ്ങളിൽ അടിയുന്ന വൃദ്ധജനങ്ങൾ, ലൈംഗികചൂഷണത്തിനിരയാവുന്ന ആൺ/പെൺകുട്ടികൾ, എന്തും കാഴ്ചശീവേലിയാക്കുന്ന ജനവും പൊലീസും...

രണ്ടുരണ്ടര മണിക്കൂർ ഡോ. ഗൗരിയുമൊത്ത് ആശുപത്രിയിൽ ചെലവാക്കി പുറത്ത് നിരത്തിലേക്കിറങ്ങവേ, നഗരം നിറച്ചും ചപ്പും ചവറും കുനയായി കൂടിക്കിടക്കുന്നു. കാക്കകൾ ചിക്കിക്കൊത്തി പറന്നുനടക്കുന്നു. ആരൊക്കെയോ അതിൽനിന്ന് എന്തൊക്കെയോ പെറുക്കിക്കൂട്ടുന്നു. കത്തിക്കപ്പെടുന്ന ചവറുകൂനകൾ അന്തരീക്ഷത്തിൽ പുക നിറയ്ക്കുന്നു.

തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രപരിസരം, ഈശ്വരാ, എത്രയോ ഭേദം എന്ന് അറിയാതെ പറഞ്ഞുപോകുന്നു.

# അനുബന്ധം

മാനസികരോഗാശുപത്രികളെക്കുറിച്ചുള്ള സർക്കാർ/നിയമസഭാ റിപ്പോർട്ടുകളിൽ നിന്നും ചില ഭാഗങ്ങൾ:

## 1983

പേരൂർക്കട ആശുപത്രിയിൽ അഡ്മിഷൻ മുതൽ തുടങ്ങുന്ന അഴിമതികളും കൈക്കൂലിയും എന്നാണ് പറഞ്ഞുകേൾക്കാറ്. ഡോക്ടർമാർക്ക് രോഗികളെ ക്യാൻവാസ് ചെയ്യാൻ ദല്ലാളന്മാരുണ്ടിവിടെ. മെഡിക്കൽ കോളേജ് സ്റ്റാഫും ഹെൽത്ത് ഡിപ്പാർട്ടുമെന്റ് സ്റ്റാഫും രണ്ടു് ചേരിയിലാണ്. ആശുപത്രിയിലെ സിക്ക് വാർഡിലൊരു സൗകര്യവുമില്ല. രോഗികൾ മരിച്ചാൽ അന്വേഷണം നടത്തുന്നതൊഴിവാക്കാൻ മാത്രമാണ് സിക്ക് വാർഡുകൾ. കാരണം: സിക്ക് വാർഡിൽ കിടന്നു മരിച്ചാൽ അന്വേഷണമില്ല.

ഏ. എസ്. കരുണാകരൻ, അസി. ജനറൽ സെക്രട്ടറി, കേരള ഗവണ്മെന്റ് നേഴ്സസ് അസോസിയേഷൻ.

*****

മദർ തെരേസയുടെ തിരുവനന്തപുരം ആശുപത്രി സന്ദർശനം ഉളവാക്കിയ ഒച്ചപ്പാടിനുശേഷം ചില അടിയന്തിര നടപടികളെടുത്തു. പക്ഷേ, ജനശ്രദ്ധയും ഉന്നത അധികാരികളുടെ താൽപര്യവും കാലക്രമേണ വഴിമാറിയതും മെച്ചപ്പെടുത്താൻ മുമ്പു തുടങ്ങിയ നടപടികൾ പകുതിവഴിക്കു് ഉപേക്ഷിച്ചു.

*****

പത്തുപേർക്കുള്ള വാർഡിൽ അറുപതുപേർ. കുടിയ്ക്കാൻ വെള്ളമില്ല. വാർഡുകളിൽ വെളിച്ചമില്ല. പൊട്ടിക്കീറിയ തറകൾ, തറയാകെ കുഴികൾ. ജീവനക്കാർ ആഹാരം വീട്ടിലേക്കു കൊണ്ടു പോകുന്നു… പേസ്റ്റോ പൽപ്പൊടിയോ ഇല്ല. രോഗികൾക്ക് മരുന്നു കൊടുക്കുന്നതുപോലും രോഗികളാണ്. ജീവനക്കാർ ആശുപത്രി വളപ്പിൽ നിന്ന് തടിപോലും വെട്ടിക്കൊണ്ടുപോകുന്നു.

ഒരു രോഗിയുടെ അച്ഛനായ പേരൂർക്കടനിവാസി. (ഡോ. വി. കൃഷ്ണമൂർത്തി കമ്മീഷൻ റിപ്പോർട്ടിൽനിന്ന്)

*****

## 1984

മാനസികരോഗാശുപത്രികളിൽ രോഗികളെ സംബന്ധിച്ച മെഡിക്കൽ റെക്കോർഡുകൾ സൂക്ഷിക്കുന്നതിൽ വേണ്ടത്ര പ്രാധാന്യവും ശ്രദ്ധയും കൊടുത്തു കണ്ടില്ല. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണെന്ന് കമ്മിറ്റി കരുതുന്നു.

*****

പുനരധിവാസപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകേണ്ടതാണെങ്കിലും ഇക്കാര്യത്തിൽ മാനസികരോഗാശുപത്രികൾ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല എന്നുള്ളത് ഖേദകരമാണ്. രോഗം ഭേദമായിക്കൊണ്ടിരിക്കുന്നവരുടെ സ്ഥിതി മെച്ചപ്പെടുത്താനും രോഗം ഭേദമായവരുടെ സ്ഥിതി മെച്ചപ്പെടുത്താനും പുനരധിവാസപ്രവർത്തനങ്ങൾ സഹായകമാണ്.

പുനരധിവാസപ്രവർത്തനങ്ങളിൽ ഓക്കുപ്പേഷണൽ തെറപ്പിക്കു മുഖ്യസ്ഥാനമാണുള്ളതെന്ന് കമ്മിറ്റി മനസ്സിലാക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ ശാസ്ത്രീയാടിസ്ഥാനത്തിൽ പരിപാടികൾ സംഘടിപ്പിക്കാൻ സാധിച്ചിട്ടില്ല. അതിനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ നടന്നിട്ടുള്ളതായി കമ്മിറ്റി കരുതുന്നില്ല.

*****

സർക്കാരിന്റെ സാമ്പത്തികസഹായം അർഹിക്കുന്ന മാനസിക രോഗികളുണ്ട്. ഇക്കാര്യം തെളിവെടുപ്പുവേളയിൽ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. മാനസികരോഗാശുപത്രികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കാൻ നിയുക്തനായ ശ്രീ. വി. കൃഷ്ണമൂർത്തിയും ഇത്തരം രോഗികൾക്ക് അൻപതു രൂപ നൽകണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. പരിഗണന അർഹിക്കുന്ന ക്ഷയരോഗികൾക്കും കുഷ്ഠരോഗികൾക്കും ഇന്ന് സാമ്പത്തികസഹായം നൽകി വരുന്നുണ്ട്. ഈ നിയമനുസരിച്ച് അർഹിക്കുന്ന മാനസിക രോഗികൾക്ക് വീട്ടിൽ വച്ച് ചികിത്സ തുടരുന്നതിനും മറ്റുമായി സാമ്പത്തിക സഹായം നൽകുന്നതിനുമുള്ള ഒരു പദ്ധതി ആവിഷ്കരിക്കണമെന്ന് കമ്മിറ്റി ശുപാർശചെയ്യുന്നു.

*****

മാനസികരോഗാശുപത്രിയിലെ ഡോക്ടർമാർ തമ്മിലുള്ള സ്പർദ്ധയ്ക്കും മാത്സര്യത്തിനുമുള്ള പ്രധാനകാരണം പ്രൈവറ്റ് പ്രാക്ടീസാണെന്ന് അനുമാനിക്കുന്നതിൽ തെറ്റുണ്ടെന്ന് കമ്മിറ്റി കരുതുന്നില്ല. പ്രൈവറ്റ് പ്രാക്ടീസിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു ഡോക്ടർക്ക് ആശുപത്രിക്കുള്ളിലെ രോഗികളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാൻ കഴിയില്ല.

അർപ്പണബോധത്തോടെ പ്രവർത്തിക്കാൻ ഇവർക്ക് കഴിയുകയുമില്ല. പ്രൈവറ്റ് പ്രാക്ടീസ് ഒരു കച്ചവടം പോലെ ആയിത്തീർന്നിട്ടുള്ളതായി കമ്മിറ്റി മനസ്സിലാക്കുന്നു. പ്രൈവറ്റ് പ്രാക്ടീസിന് കൂടുതൽ രോഗികളെ കിട്ടുന്നതിനുവേണ്ടി ചില ഏജന്റന്മാരുടെ സഹായവും സഹകരണവും ഉപയോഗപ്പെടുത്തിവരുന്നു.

(വി. എം. സുധീരൻ അദ്ധ്യക്ഷനായിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ടിൽനിന്ന്)

*****

## 1986

തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രത്തിൽ രാവിലെ ഒമ്പതു മണി മുതൽ പന്ത്രണ്ടുമണിവരെയും ഉച്ചയ്ക്കുശേഷം രണ്ടു മണി മുതൽ അഞ്ചു മണിവരെയും ബന്ധുക്കൾക്കു വാർഡുകളിൽപോയി രോഗികളെ സന്ദർശിക്കാവുന്നതാണ്. ആയിരത്തിത്തൊള്ളായിരത്തി എൺപത്തിയഞ്ച് ഒക്ടോബർ മുതൽ ഈ സംവിധാനം തിരുവനന്തപുരത്തു നിലവിലുണ്ട്. തൃശ്ശൂരിലും ഈ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

*****

ദേശീയ മാനസികാരോഗ്യ പരിപാടി നിലവിൽ വരുന്നതോടെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾവഴി മാനസികരോഗികൾക്ക് സൗജന്യമായി മരുന്നുകൾ എത്തിച്ചുകൊടുക്കുവാനുള്ള സംവിധാനം ഉണ്ടാകുമെന്നതിനാൽ ഈ നിർദ്ദേശത്തിന്റെ (പെൻഷൻ) പ്രസക്തി അൽപ്പം കുറയുന്നുണ്ട്. അർഹിക്കുന്ന രോഗികൾക്ക് പ്രതിമാസം എഴുപത്തഞ്ചുരൂപയോളം ധനസഹായം നൽകുന്ന ഒരു സംവിധാനം ഇപ്പോൾത്തന്നെ നിലവിലുണ്ട്.

(എ. സി. ജോസ് അദ്ധ്യക്ഷനായിരുന്ന എസ്റ്റിമേറ്റ്സ് കമ്മിറ്റി റിപ്പോർട്ടിൽ നിന്ന്)

*****

## 1996

ഇരുനൂറ് കട്ടിലുകൾമാത്രമേ ഇപ്പോൾ ഉപയോഗയോഗ്യമായുള്ളു. മുന്നൂറ് കട്ടിലുകൾ വാങ്ങുന്നതിനുള്ള അനുമതിക്കുവേണ്ടി ആരോഗ്യവകുപ്പു ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. മെത്തകളുടെ ഉപയോഗം ഭൂരിപക്ഷം രോഗികൾക്കും കാര്യക്ഷമമാകുന്നില്ല. കാരണം മൂട്ടകളുടെ ശല്യമാണ്. മൂട്ട കളയുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്.

*****

കാൻഫെഡ് എന്ന സന്നദ്ധസംഘടനയുടെ ഒരു പ്രവർത്തക ഈ കേന്ദ്രത്തിൽവന്ന് സ്ത്രീകളായ രോഗികൾക്ക് കഥകൾ പറഞ്ഞുകൊടുക്കുകയും പാട്ടുപാടിക്കേൾപ്പിക്കുകയും ഉത്തമഗ്രന്ഥങ്ങൾ വായിച്ചു കേൾപ്പിക്കുകയും ചെയ്യുന്നുണ്ട്. വിദ്യാകേന്ദ്രത്തിലുള്ള വായനശാലയിൽ പുസ്തകങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. വാർഡുകളിൽനിന്നും രോഗികളെ ഈ കേന്ദ്രത്തിൽ കൊണ്ടുവന്ന് അവർക്കു വായിക്കുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നുണ്ട്. ഈ പരിപാടി കൂടുതൽ പുരോഗമനമാക്കാൻ സന്നദ്ധസംഘടനകളുടെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

*****

മനോരോഗം പൂർണ്ണമായോ ഭാഗികമായോ ഭേദപ്പെട്ടു് വീട്ടുകാരുടെ പരിചരണത്തിൽ കഴിയാൻ പ്രാപ്തരായവർക്ക് പ്രതിമാസം ഇരുനൂറ് രൂപ സഹായധനമായി നല്കുന്നതിന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.

*****

മനോരോഗ ചികിത്സാരംഗം അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി നിയമിക്കപ്പെട്ട കൃഷ്ണമൂർത്തി കമ്മീഷന്റെയും ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെയും റിപ്പോർട്ടുകളിലെ നടപ്പിലാക്കാത്ത ശുപാർശകൾ നടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശക്തമായി ശുപാർശചെയ്യുന്നു.

(വി. എം. സുധീരൻ ചെയർമാനായിരുന്ന നിയമസഭാ കമ്മിറ്റി റിപ്പോർട്ടിൽനിന്ന്)

*****

“ഒരു സമൂഹത്തിന്റെ ആത്മാവിൽനിന്നാവണം ഭ്രാന്താലയത്തിൽ ഇരുട്ടു പടരുന്നത്.”

—ഒരു ചിത്തരോഗി

□

## സുന്ദർ



ജനനം: ഏപ്രിൽ 23, 1953, തിരുവനന്തപുരം.
മരണം: നവംബർ 12, 2016 (വയസ്സ് 63), സിഡ്നി, ഓസ്ട്രേലിയ.
തൊഴിൽ: കഥാകൃത്ത്, നിരൂപകൻ, കാർട്ടൂൺ ചരിത്രകാരൻ.
പൗരത്വം: ഓസ്ട്രേല്യൻ.
വിദ്യാഭ്യാസം: എം.ഫിൽ., വിഷയം: സാമൂഹികവികസനം.
ജീവിതപങ്കാളി: ഗിരിജ

## പ്രധാനകൃതികൾ

- Tragic Idiom
- ഹൃദയത്തിനുള്ളിലെ ഇടം
- ഈ ഭ്രാന്താലയത്തിന് നാവുണ്ടായിരുന്നെങ്കിൽ

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.